# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6069

04/11/2016 ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്തെ കശുവണ്ടി ഉല്പാദനം

**ചോദ്യം**
ശ്രീ. ആർ.രാജേഷ്

**ഉത്തരം**
മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | 2015-16 ൽ സംസ്ഥാനത്തെ കശുവണ്ടി (തോട്ടണ്ടി) ഉല്പാദനം ഏകദേശം 72000 മെട്രിക് ടണ്ണാണ്. |
| (ബി) | 2011 മുതൽ നാളിതുവരെയുള്ള ഉല്പാദനം വർഷം തിരിച്ച്, ലഭ്യമാക്കാമോ ; | (ബി) | വർഷം / ഉല്പാദനം (മെട്രിക് ടൺ): 2011-12 – 73000; 2012-13 – 76960; 2013-14 – 83120; 2014-15 – 80000; 2015-16 – 72000 |
| (സി) | കശുവണ്ടിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 |

| വർഷം | ഉല്പാദനം (മെട്രിക് ടൺ) |
|---|---|
| 2011-12 | 73000 |
| 2012-13 | 76960 |
| 2013-14 | 83120 |
| 2014-15 | 80000 |
| 2015-16 | 72000 |

| | |
|---|---|
| | ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കൃഷി,വനം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് പൊതുമേഖലയിലുള്ള തരിശ് സ്ഥലങ്ങളിലും സ്വകാര്യമേഖലയിലുള്ള തരിശ് സ്ഥലങ്ങളിലും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്.<br><br>കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും മറ്റ് സൊസൈറ്റികൾ മുഖേനയും സംഭരിച്ച് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ വിലയ്ക്കെടുക്കുന്ന കാര്യവും സജീവ പരിഗണനയിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ച് വരുന്നു. |

Smitha

സെക്ഷൻ ഓഫീസർ